## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .T 3170 — 07-11-2019 -ൽ മറുപടിക്ക്

## പ്രളയ പുനർനിർമ്മാണത്തിന് ലോകബാങ്കിന്റെ സാമ്പത്തിക സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി. കെ. ശശീന്ദ്രൻ** | | **ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയത്തെത്തുടർന്ന് പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി ലോക ബാങ്ക് ആയിരം കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) & ബി) | സംസ്ഥാനത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ലോകബാങ്ക് വികസന നയ വായ്പ (Development Policy Loan) അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായ 1779.58 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് സർക്കാർ അംഗീകരിച്ചുത്തരവായ, സമഗ്ര രേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme)യിൽ സുപ്രധാന മേഖലകളായി പരാമർശിച്ചിരിക്കുന്ന കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം ഓപ്പൺ ഡാറ്റ, തുടങ്ങിയ മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ട് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഈ തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ